Draft #3 of File 33533/AC B7/3/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 25-Oct-2019 01:34 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

2020- 21 അക്കാദമിക വർഷത്തിലേക്ക് സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനത്തിനായി നടത്തുന്ന പൊതു പ്രവേശന പരീക്ഷയുമായി (CAT 2020 -21) ബന്ധപ്പെട്ടുള്ള തയ്യാറെടുപ്പുകളുടെ ഭാഗമായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ചർച്ച ചെയ്യുവാൻ ചേർന്ന യോഗത്തിലെ ശിപാർശകൾ അംഗീകരിച്ച് ഉത്തരവാകുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 5178/AC B 7/2019/എം.ജി.യു | പ്രിയദർശിനി ഹിൽസ്,തീയതി: 25.10.2019

---

പരാമർശം:-(1) 2020- 21 അക്കാദമിക വർഷത്തിലേക്ക് സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനത്തിനായി നടത്തുന്ന പൊതു പ്രവേശന പരീക്ഷയുമായി (CAT 2020 -21) ബന്ധപ്പെട്ടുള്ള തയ്യാറെടുപ്പുകളുടെ ഭാഗമായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ചർച്ചചെയ്യുന്നതിനായി രജിസ്ട്രാറുടെ അദ്ധ്യക്ഷതയിൽ 17.10.2019, 2.30 പി.എം ന് രജിസ്ട്രാറുടെ ഓഫീസിൽ ചേർന്ന യോഗം.

**<u>ഉത്തരവ്</u>**

മേൽ പരാമർശം (1) പ്രകാരം രജിസ്ട്രാറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം താഴെ പറയുന്ന ശിപാർശകൾ സ്വീകരിച്ചു.

1. മുൻ അധ്യയന വർഷം ഓൺലൈൻ ക്വസ്റ്റിൻ ബാങ്കിൽ നിന്നും CAT പരീക്ഷയ്ക്കുള്ള ചില ചോദ്യങ്ങൾ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ജനറേറ്റ് ചെയ്തതിൽ അപാകതയുണ്ടെന്ന സംശയം യോഗത്തിൽ ഡോ.പി.ആർ.ബിജു ഉന്നയിച്ചു ഇത് പരിശോധിക്കുന്നതിനായി ഓൺലൈൻ ക്വസ്റ്റിൻ ബാങ്കിനായി സോഫ്റ്റ്‌വെയർ തയ്യാറാക്കിയ ടീമുമായി അടുത്ത ആഴ്ച്ച കമ്മറ്റി അംഗങ്ങൾ കൂടിക്കാഴ്ച നടത്തി ക്വസ്റ്റിൻ ബാങ്കിലേക്ക് ചോദ്യങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിലും ക്വസ്റ്റിൻ ബാങ്കിൽ നിന്നും ചോദ്യങ്ങൾ ജനറേറ്റ് ചെയ്യുന്ന രീതിയിലും വ്യക്തത വരുത്തേണ്ടതാണെന്ന് ശിപാർശ ചെയ്തു .

2. 2020 ലെ പരീക്ഷയ്ക്കായി ക്വസ്റ്റിൻ ബാങ്കിൽ കൂടുതൽ ചോദ്യങ്ങൾ അപ്‌ലോഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ എല്ലാ പഠന വകുപ്പ് മേധാവിമാരുടെയും യോഗം വിളിച്ചുചേർക്കാൻ ശിപാർശ ചെയ്തു .

3. സ്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്ടിൽ നടത്തപ്പെടുന്ന പഞ്ചവത്സര ബി.ബി.എ എൽ.എൽ.ബി പ്രവേശന പരീക്ഷ അടുത്ത അധ്യയന വർഷം മുതൽ CAT പരീക്ഷയുടെ കൂടെ നടത്തുവാൻ വേണ്ട മേൽ നടപടികൾ സ്വീകരിക്കണം എന്ന് സ്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തൊട്ട് വകുപ്പ് മേധാവി ബഹു. വൈസ്

ചാൻസലർക്ക് നൽകിയ അപേക്ഷ അംഗീകരിച്ചിരുന്നു. ഈ വിഷയം യോഗത്തിൽ അവതരിപ്പിക്കുകയും യോഗം ഇത് പരിശോധിച്ച് സ്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്ടിൽ നടത്തപ്പെടുന്ന പഞ്ചവത്സര ബി.ബി.എ എൽ.എൽ.ബി പ്രവേശന പരീക്ഷ അടുത്ത അധ്യയന വർഷം മുതൽ CAT പരീക്ഷയുടെ കൂടെ നടത്താവുന്നതാണെന്ന് ശിപാർശ ചെയ്തു .

4. CAT പരീക്ഷയുടെ മുൻ വർഷ ചോദ്യങ്ങൾ / മോഡൽ ചോദ്യങ്ങൾ CAT പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നതിൻറെ ഭാഗമായി പരീക്ഷാർത്ഥികൾ ആവശ്യപ്പെടാറുണ്ട്. ഇത് പരിഗണിച്ച് ഓൺലൈൻ ക്വസ്റ്റിൻ ബാങ്കിൽ ഉൾപ്പെടാത്ത മുൻ വർഷത്തെ ചോദ്യങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്ന രീതിയിൽ വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുവാൻ ശിപാർശ ചെയ്തു .

5. മുൻ വർഷങ്ങളിൽ CAT പരീക്ഷ നടക്കുന്ന കേന്ദ്രങ്ങളിൽ സ്റ്റാൻഡേർഡ് കാൽകുലേറ്റർ, സയൻറ്റിഫിക് കാൽകുലേറ്റർ എന്നിവ അനുവദിച്ചിരുന്നു. പരീക്ഷ ഹാളിൽ പരീക്ഷാർത്ഥികൾ ഇത്തരത്തിലുള്ള കാൽകുലേറ്റർ തന്നെയാണോ അതോ മറ്റ് ഡിജിറ്റൽ ഉപകരണങ്ങളാണോ ഉപയോഗിക്കുന്നത് എന്നതിൽ വ്യക്ത വരുത്തുവാൻ ഇൻവിജിലേറ്റർമാർക്ക് ബുദ്ധിമുട്ടുണ്ടാകുന്ന സാഹചര്യം പരിഗണിച്ച് അടുത്ത അധ്യയന വർഷം മുതൽ സ്റ്റാൻഡേർഡ് കാൽകുലേറ്റർ, സയൻറ്റിഫിക് കാൽകുലേറ്റർ ഉൾപ്പെടെയുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ പരീക്ഷാ ഹാളിൽ ഉപയോഗിക്കുന്നത് വിലക്കുവാനും അക്കാരണത്താൽ കാൽകുലേറ്റർ ഉപയോഗിച്ച് മാത്രം ചെയ്യാവുന്ന ചോദ്യങ്ങൾ ഒഴിവാക്കി CAT പരീക്ഷയുടെ ചോദ്യങ്ങൾ തയ്യാറാക്കുവാൻ ശിപാർശ ചെയ്തു .

6. എം.ഫിൽ, പി.എച്ച്.ഡി പ്രവേശന പരീക്ഷകൾ CAT പ്രവേശന പരീക്ഷയുമായി ബന്ധിപ്പിച്ച് നടത്തേണ്ടതില്ലെന്ന് ശിപാർശ ചെയ്തു .

മേൽ ശിപാർശകൾ ബഹു: വൈസ് ചാൻസലർ (i/c) അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബൈജു എൻ

അസിസ്റ്റൻറ്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ പഠന വകുപ്പ് മേധാവിമാർക്കും
2. വൈസ് ചാൻസലറുടെ പി.എസ്
3. രജിസ്ട്രാറുടെയും, പരീക്ഷാ കൺട്രോളറുടെയും പി.എ. മാർ
4. ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്)
5. എ.ആർ IV (അക്കാദമിക്), കമ്മറ്റി അംഗങ്ങൾ
6 . CITAD സെക്ഷൻ , വകുപ്പ് മേധാവി, സ്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്സ്
7. സ്റ്റോക്ക് ഫയൽ

Draft #3 of File 33533/AC B7/3/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 25-Oct-2019 01:34 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 33533/AC B7/3/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 25-Oct-2019 01:34 PM - Page 3
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം